"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 17-08-2019

Kerala Prisons &
Correctional Services

## സർക്കുലർ നം 41

ചില ജയിലുകളിൽ തടവുകാരെ പ്രധാനപ്പെട്ട സെക്ഷനുകളിൽ ജോലിക്ക് നിയോഗിക്കുന്നതായും ടി തടവുകാർ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതായും പരാതി ലഭിച്ചിട്ടുണ്ട്. കേരള പ്രിസൺ റൂൾ അദ്ധ്യായം 48 ൽ തടവുകാരുടെ തൊഴിൽ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. ജയിൽ ചട്ടം 697 പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ക്ലർക്ക്, ടൈപ്പിസ്റ്റ് തുടങ്ങിയ ജോലികൾക്ക് ഏറ്റവും അർഹതയുള്ള തടവുകാരെ ഓഫീസിൽ നിയമിക്കാവുന്നതാണ്. എന്നാൽ റെമിഷൻ, അക്കൗണ്ട്സ്, എസ്റ്റാബ്ലിഷ്മെന്റ് എന്നീ വിഭാഗങ്ങളിലെ ജോലികൾ ഏൽപ്പിക്കാൻ പാടില്ലാത്തതും സൂപ്രണ്ടിന്റെ അനുമതിയില്ലാതെ ഏതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അനുവദിക്കാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ നിലനിൽക്കെ തടവുകാരെ പ്രധാനപ്പെട്ട സെക്ഷനുകളിൽ ജോലിക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. തടവുകാരെ ഓർഡർലിമാരായിട്ട് നിയമിക്കുന്നതിലും അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്

dc.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ മേധാവികൾക്കും

പകർപ്പ് : ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ,
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണ മേഖല,
കോഴിക്കോട്/തൃശ്ശൂർ/തിരുവനന്തപുരം.

പി.എ. ടു. ഡിജിപി

G5-496/2019/PrHQ

86715f